പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2359

13.02.2013 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്ക് വഴി കാർഷിക വായ്പ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എ.എ.അസീസ് | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ ഏതൊക്കെ തരം ബാങ്കുകൾ വഴി കാർഷിക വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ) എന്നിവ മുഖാന്തിരമാണ് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ നൽകി വരുന്നത്. |
| (ബി) | സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകളിൽ ഒരു നിശ്ചിത ശതമാനം വായ്പ കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പയായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള ഹ്രസ്വകാല കാർഷിക വായ്പാ പരിധി നിശ്ചയിച്ച് ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ മുഖേന നബാർഡിൽ നിന്നും ഇതിലേയ്ക്കായി പുനർവായ്പ ലഭ്യമാക്കുന്നു. ഓരോ സഹകരണ സംഘവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ 4/2007 സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുതകാല കാർഷിക വായ്പകൾ 7% പലിശ നിരക്കിലാണ് നൽകുന്നത്. യഥാസമയം വായ്പ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന 3% സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയാണ് നൽകുന്നത്. |

നെൽകൃഷിക്കുള്ള വായ്പ പരിധി നോക്കാതെ പലിശരഹിത വായ്പയാണ് നൽകുന്നത്.

സെക്ഷൻ ഓഫീസർ